SCHOOL KALOLSAVAM 2017
PROGRAMME COMMITTEE

**KERALA SCHOOL KALOLSAVAM 2016-17**

**KANNUR - 2017 JANUARY 16-22**

Code No. 312

വിഷയം: മാധ്യമങ്ങളും ആവിഷ്കാരസ്വാതന്ത്ര്യവും.

# മാധ്യമങ്ങൾ: ആവിഷ്കാരസ്വാതന്ത്ര്യത്തിലേക്കുള്ള താക്കോൽ

തെരുവിൽ അക്ഷരങ്ങൾ വേട്ടയാടപ്പെടുന്ന, വരകൾക്ക് വെടിയേൽക്കുന്ന, തൂലികകളിൽ ചോരക്കറ പുരളുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോവുന്നത്. വിശപ്പടക്കാൻ കഴിച്ച ഭക്ഷണം ജീവനെടുക്കാൻ മാത്രം മഹാപാതകമായി മാറുന്ന, ദളിതരെയും കുഞ്ഞുങ്ങളെയും കൃമികീടങ്ങളെപ്പോലെ ചുട്ടെരിക്കുന്ന, തേൻകെണിയിൽ കുരുങ്ങി മുപ്പത് വെള്ളിക്കാശിന് മാതൃരാജ്യത്തെ നിസ്സങ്കോചം ഒറ്റുന്ന, ഒരു ഭീതിതമായ കാലം. ഇന്ത്യയെന്ന, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ ഇരുൾ പരക്കുന്ന കാലം.

നിരവധി പോരാട്ടങ്ങളുടെയും, സഹന സമരങ്ങളുടെയും ഫലമായി 1947 ആഗസ്ത് 15ന് സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ പ്രതിനിധികൾ ഇന്ത്യ വിട്ടുപോകുമ്പോഴേക്കും, സ്വാതന്ത്ര്യത്തെ ജീവശ്വാസത്തിൽ കലർത്തിയ നമ്മുടെ നേതാക്കന്മാർ, അവർ രണ്ടായി വെട്ടിമുറിച്ച ഭാരതത്തിന്റെ മാറിലെ മുറിവിനെ ജനാധിപത്യമെന്ന മധുലേപനം കൊണ്ട് ഉണക്കാൻ തീരുമാനിച്ചിരുന്നു. ആ ലേപനത്തെ ഒരു രഥമായി സങ്കൽപിച്ചാൽ അതിലെ ഏറ്റവും പ്രധാനപ്പെട്ട ചക്രമാണ്

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE



code: 312

മാധ്യമങ്ങൾ. മാധ്യമങ്ങളില്ലാത്ത ജനാധിപത്യം ചക്രങ്ങളില്ലാത്ത രഥം പോലെയാണ്. ജെയിംസ് അഗസ്റ്റസ് ഹിക്കി എന്ന വ്യക്തി തിരിതെളിയിച്ച ഈ പ്രസ്ഥാനം ഇന്ന് ഇന്ത്യയൊട്ടാകെ ഒരു സൂര്യതേജസ്സുപോലെ പടർന്നുപിടിക്കുകയാണ്. അറുപത് വർഷക്കാത്തിൽ പരം നാം നടന്നുകഴിഞ്ഞു, ഈ യാത്രയിൽ വഴിയിലെവിടെയോ എന്തൊക്കെയോ നമ്മിൽ നിന്നും വീണുപോയിരിക്കുന്നു. ഇനി തിരിച്ചുപോയി അതെടുക്കുക അസാധ്യം. പുതിയൊരു നിർമ്മിതി മാത്രമാണ് ഇനി വഴി.

അറുപത് കഴിഞ്ഞ ഇന്ത്യൻ ജനാധിപത്യത്തെ സൂക്ഷ്മമായി നിരീക്ഷിക്കുകയാണെങ്കിൽ നമുക്ക് ചെറിയ ചെറിയ ദ്വാരങ്ങൾ കാണാം. ആ ദ്വാരങ്ങളിലൂടെ നമ്മിൽനിന്നും വീണുപോയവർ എണ്ണമറ്റതാണ്. എം. എം കൽബുർഗി, ഗോവിന്ദ് പൻസാരെ, നരേന്ദ്ര ധബോൽക്കർ അങ്ങനെ എത്രയെത്രപേർ. മഹാരാഷ്ട്രയിലെ കമ്മ്യൂണിസ്റ്റ് പ്രവർത്തകനായ ഗോവിന്ദ് പൻസാരെയുടെ മരണം, ഇന്ത്യയിലെ സാഹിത്യകാരന്മാരിലൊട്ടാകെ ഭയം ജനിപ്പിച്ചിരുന്നു. അന്ധവിശ്വാസങ്ങൾക്കെതിരെ തന്റെ ആവിഷ്കാര സ്വാതന്ത്ര്യം വിനിയോഗിച്ചതിനായിരുന്നു

Scanned by CamScanner

അദ്ദേഹം തോക്കിനിരയായത്. കന്നട സാഹിത്യ
കാരനായ എം.എം. കൽബുർഗിയുടെയും വിധി
വെടിയൊച്ചയുടെ അന്തിമകാഹളം ശ്രവിക്കാ-
നായിരുന്നു. ആൾദൈവങ്ങൾക്കും, അന്ധ
വിശ്വാസങ്ങൾക്കുമെതിരെ തന്റെ 'മാർഗ്4'
എന്ന കൃതിയിലൂടെ ജനങ്ങളെ ഉദ്ബോധി
പ്പിച്ചതിനായിരുന്നു ആ ശിക്ഷ. 'മാതൊരു
ഭാഗൻ' എന്ന പുസ്തകത്തിന്റെ രചയിതാ
വായ തമിഴ് സാഹിത്യകാരൻ പെരുമാൾ
മുരുകൻ അക്ഷരങ്ങളെ ഭയക്കുന്ന ആ
ഇരുട്ടിന്റെ ശക്തികളുടെ ഭീഷണിയിൽ
~~തന്റെ~~ മനം നൊന്ത് തന്നെ ഉള്ളിലെ
എഴുത്തുകാരനെ ഉപേക്ഷിച്ചു. അന്നേ
ദിവസം അദ്ദേഹം ട്വീറ്റ് ചെയ്തതിങ്ങനെ
"പെരുമാൾ മുരുകൻ എന്ന എഴുത്തു
കാരൻ മരിച്ചിരിക്കുന്നു. ~~ദൈവത്തിൽ~~
ഇനി ഉയിർത്തെഴുന്നേൽപ്പില്ല. അയാൾ
ഇനി വെറും ഒരധ്യാപകനായ പി. മുരുകൻ
മാത്രമായി ജീവിക്കും" – തീരുന്നില്ല,
അക്ഷരങ്ങളെ ഭയക്കുന്ന ആ ശക്തി-
കളോടുള്ള വെറുപ്പാണ് ഈ വരിക-
ളിൽ തെളിയുന്നത്. ഇനിയും തീർന്നി-
ട്ടില്ല ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ

KERALA SCHOOL KALOLSAVAM 2017 PROGRAMME COMMITTEE



ജീവിക്കുന്ന രക്തസാക്ഷികൾ. തമിഴ്സാഹി-
ത്യകാരൻ കെ. എസ്. ഭഗവാനെ ഒരു
സുപ്രഭാതത്തിൽ വരവേറ്റത് "അടുത്തത്
നീയാണ്." എന്ന ഫോൺ സന്ദേശമായി-
രുന്നു. അവരോടുള്ള വെറുപ്പ് ഇന്നും
കെ. എസ്. ഭഗവാന്റെ വാക്കുകളിലൂടെ
നമ്മിലേക്ക് അസ്ത്രങ്ങളായി പെയ്തി-
റങ്ങുന്നു.

ഇന്ത്യയിൽ മാത്രമല്ല ആവിഷ്-
കാര സ്വാതന്ത്ര്യത്തിനു വിലങ്ങുകൾവിലക്ക-
പ്പെടുന്നത്. പാരീസിൽ ആക്രമിക്കപ്പെട്ട
ഷാർലി എബ്ദോ എന്ന പത്രം ഒരേ
സമയം മാധ്യമങ്ങൾക്ക് വിലങ്ങുവെയ്ക്കുന്ന
ആവിഷ്കാരസ്വാതന്ത്ര്യത്തെയും, നമ്മിൽ
നിന്നും നഷ്ടമായിക്കൊണ്ടിരിക്കുന്ന
മൂല്യബോധത്തെയും കുറിക്കുന്നു. വെടിയുണ്ടക-
ൾ തറച്ചുകയറിയ എത്രയോ കഥാപാത്രങ്ങൾ
സൃഷ്ടിക്കപ്പെട്ട കരങ്ങൾ, ലോകത്തിനെ
ഇനിയുമേറെ ചിരിക്കാനുള്ള നർമ്മങ്ങൾ
സൃഷ്ടിക്കേണ്ടിയിരുന്ന ആ കരങ്ങൾ
ആ കെട്ടിടത്തിന്റെ തറയിൽ നിശ്ചലമാ-
യി കിടന്നപ്പോൾ നിലച്ചത് ഈ ലോകത്തി-
ന്റെ ആവിഷ്കാരസ്വാതന്ത്ര്യമായിരുന്നു.
മതവും, ജാതിയും, രാഷ്ട്രീയവും, വിശ്വാസ

വിശ്വാസവും എല്ലാവർക്കും എല്ലാം നഷ്ടപ്പെ-
ട്ടിരിക്കുമ്പോൾ പലപ്പോഴും പലരും വെറും
കാഴ്ചക്കാരായി നോക്കിനിൽക്കുന്നു.
'ലജ്ജ' എന്ന കൃതിയുടെ കർത്താവായ
തസ്ലിമ നസ്റിൻ നാടുകടത്തപ്പെട്ടത്
അവളുടെ വാക്കുകളെ ചിട്ടയായി അടു-
ക്കിവെച്ചതിനായിരുന്നു. പണ്ടൊരു
സാഹിത്യകാരൻ പറഞ്ഞു "ഹേ, മനുഷ്യാ
നീ നിന്റെ വാക്കുകൾ ചിട്ടയായി അടുക്കി
വെക്കുകയാണെങ്കിൽ നിന്നെ ഞാൻ
സാഹിത്യകാരൻ എന്നു വിളിക്കും."
അവർ വീണ്ടും നമ്മോടു പറയുന്നു
" Don't Call me a muslim, I'm an
athiest" - എന്നെ ഒരു മുസൽമാനെ
ന്നു വിളിക്കരുത്, ഞാൻ ഒരു നിരീശ്വ-
വാദിയാണ്. ഈശ്വരൻ തന്നെ തന്നി-
ക്കുന്നവനാണ്, പക്ഷേ ഒരു സമൂഹത്തിൽ
സമാധാനം പുലരണമെങ്കിൽ അവിടെ
ഉണ്ടാകേണ്ടത് നീതിയാണ്, അപ്പോഴേ
അവിടെ സമത്വമുണ്ടാകുന്നുള്ളൂ, സ്വാതന്ത്ര്യ-
മുണ്ടാകുന്നുള്ളൂ, സാഹോദര്യമുണ്ടാകുന്നു
ള്ളൂ. എന്തിനാണ് നാം ബംഗ്ലാദേശിൽ
പോകുന്നത്, വിലക്കപ്പെട്ട ആവിഷ്കാര

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE



സ്വാതന്ത്ര്യത്തിന്റെ ഇരകൾ, ഇവിടെ, ഈ ഇന്ത്യയിലുണ്ട്. ഇന്ത്യയിലാകെ നിരോധിച്ച 'സാത്താന്റെ വചനങ്ങൾ'- ഉടെ കർത്താവായ സൽമാൻ റുഷ്ദി തന്റെ ഒളിവുകാലത്ത് കഴിഞ്ഞിരുന്നത് Anton Joseph എന്ന പേരിലായിരുന്നു. സ്വന്തം പേരിൽ സ്വന്തം അഭിപ്രായങ്ങൾ വെളിപ്പെടുത്താനുള്ള സ്വാതന്ത്ര്യമാണ് ആവിഷ്കാര സ്വാതന്ത്ര്യം. ഒരു സാഹിത്യകാരൻ എവിടെ തന്റെ പേര് ഒളിച്ചുവെക്കുന്നുവോ അവിടെ ആ സ്വാതന്ത്ര്യം ലംഘിക്കപ്പെടുന്നു.

ആവിഷ്കാര സ്വാതന്ത്ര്യം എന്നു വെച്ചാൽ എന്തും, എവിടെയും പറയാമെന്നല്ല. ഇപ്പോഴത്തെ ഭാരതത്തിന്റെ സ്ഥിതി ആവശ്യമുള്ളവനു ലഭിക്കുന്നുമില്ല, ലഭിക്കുന്നവൻ അനാവശ്യത്തിനുപയോഗിക്കുന്നു" എന്നു പറയുന്നതുപോലെയാണ്.

" നോക്കൂ, ഈ തെരുവാകെ രക്തം,
ഈ തെരുവാകെ ചുടുരക്തം"-

എന്നു കാലങ്ങൾക്കു മുമ്പ് പാബ്ലോ നെരൂദ പാടിയത് ഭാരതത്തെ കുറിച്ചാണോ? ചിന്തിക്കേണ്ടിയിരിക്കുന്നു. പഠാൻകോട്ടിലെ 'രംഗു' എന്ന സൈനിക താവളത്തിന്റെ ~~നടത്തിയ~~ സുരക്ഷക്കായി

നടത്തിയ ക 'operation Dangu Suraksha',
ഇന്ത്യൻ സൈനികവ്യൂഹത്തിന് 'മാനസി'
എന്ന നായയെയും, മലയാളിയായ ലഫ്.കേണൽ
നിരഞ്ജൻകുമാറിനെയും നഷ്ടപ്പെടുത്തി-
യപ്പോൾ NDTV India എന്ന ചാനലിലൂടെ
അത് ഭാരതം മുഴുവൻ തത്സമയം
സംപ്രേഷണം ചെയ്യപ്പെടുകയായിരുന്നു.
മാതൃരാജ്യത്തിനു വേണ്ടി വിരിമാറു കാട്ടി
ക്കൊടുക്കുന്ന സൈനികന്റെ ചിത്രം തത്സ-
മയം സംപ്രേഷണം ചെയ്ത് രാജ്യത്തെ
ഒട്ടാകെ അപമാനിക്കുന്ന രീതിയിലേക്ക്
തരം താഴ്ന്നിരിക്കുന്നു മാധ്യമസേവനം.
എവിടെയാണ് നമുക്ക് പിഴച്ചത്?

" എന്നാണോ കൽബുർഗിമാരും, പൻസാരെ
മാരും, ധബോൽക്കർമാരും നമ്മിൽനിന്നും
വീണുപോയത്, എന്നാണോ പെരുമാൾ
മുരുകന്മാരും, കെ. എസ്. ഭഗവാന്മാരും
~~നമ്മിൽ~~ തൂലിക വലിച്ചെറിഞ്ഞ് നമ്മിൽനിന്നും തിരിഞ്ഞുനട
ന്നത്, എപ്പോഴാണോ ഭാര്യയുടെ മൃതദേഹവു-
മേന്തി കരഞ്ഞുകലങ്ങിയ കണ്ണുകളും പേറി
യ മകളുമായി ദാനമാഞ്ജിമാർ നമുക്കു
മുന്നിലൂടെ വിദൂരതയിലേക്കു നടന്നുനീങ്ങിയത്,
എന്നാണോ തസ്ലീമനസ്റീനമാരും, സൽമാ
ൻ റുഷ്ദിമാരും അഭയാർത്ഥികളായത്
അന്നാണ്, അവിടെയാണ് നമുക്കു പിഴച്ചത്

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE



~~ഞാ~~ തോരാതൾ വെള്ളരിവള്ളിക്ക്
താങ്ങാകുന്ന, പീരങ്കിയിൽനിന്നും ചെമ്പ
ന്റ്യൂമണം പുറത്തുവരുന്ന, അതിർത്തികൾ
ഇല്ലാതാകുന്ന, ആയുധങ്ങൾ കളിമറ്റതാ-
കുന്ന, വെടിമരുന്നറകളിൽ മുല്ലവള്ളി പടർന്നു
കയറുന്ന ~~ഞ~~ ഒരു കാലഘട്ടത്തെ സ്വപ്നം
കണ്ടതിന്, ഇരുട്ടിന്റെ ശക്തികൾ കൽബുർഗി
ക്കും, പൻസാരെക്കും, ധബോൽക്കറിനും
നൽകിയ സമ്മാനമായിരുന്നുവോ ആ
വെടിയുണ്ടകൾ ?

ഇന്ത്യ ഒരു സിറിയ യാകാതിരിക്ക-
ണമെങ്കിൽ, അഥവാ ഒരു പാൽമിറയാകാ-
തിരിക്കണമെങ്കിൽ, ഗ്രന്ഥശാലകൾ ആക്ര-
മങ്ങളുടെ അറവുശാലകളാകാതിരിക്കണ-
മെങ്കിൽ, പുസ്തകങ്ങൾ വാക്കുകളുടെ
ശ്മശാനമാകാതിരിക്കണമെങ്കിൽ ആവിഷ്കാ-
രസ്വാതന്ത്ര്യം ~~വിനിയോഗിക്കാൻ~~ യഥാർത്ഥ
രീതിയിൽ വിനിയോഗിക്കാൻ മാധ്യമങ്ങൾ
തയ്യാറാവേണ്ടതുണ്ട്